പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6115 07.07.2014- ൽ മറുപടിക്ക്

**വയോജനങ്ങൾക്കുള്ള പദ്ധതികളെ സംബന്ധിച്ച ബോധവത്ക്കരണം**

ചോദ്യം

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര- സംസ്ഥാന സർക്കാറുകളുടെ ധനസഹായത്തോടെയുള്ള വയോജനങ്ങൾക്കായുള്ള പദ്ധതികൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും, പ്രസ്തുത പദ്ധതികൾ വയോജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതികളെ സംബന്ധിച്ചുള്ള ബോധവത്ക്കരണം ലഘുലേഖകളിലൂടെയും പരസ്യങ്ങളിലൂടെയും നൽകി വരുന്നുണ്ട്. |
| (ബി) | വയോജനങ്ങൾക്കായുള്ള ആനുകൂല്യങ്ങളും, അവകാശങ്ങളും എന്തൊക്കെയാണെന്നും, അവർ അതിന് എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുന്ന ബോർഡുകൾ എല്ലാ പഞ്ചായത്ത് ഓഫീസുകളിലും പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | നിലവിൽ മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി പഞ്ചായത്തുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കോർപ്പറേഷൻ/ മുനിസിപ്പൽ പ്രദേശത്ത് നടപ്പാക്കി വരുന്ന 'വയോമിത്രം ' പദ്ധതി നിലവിൽ 32 നഗരസഭാ പ്രദേശത്ത് നടപ്പാക്കി വരുന്നു. പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | വൃദ്ധസദനങ്ങളിൽ സൈക്യാട്രിസ്റ്റ് അടക്കമുള്ള ആരോഗ്യപ്രവർത്തകരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനും, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വൃദ്ധസദനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ അഡീഷണൽ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നിയമിച്ചിട്ടുണ്ട്. അന്തേവാസികളുടെ |

| | | | |
|---|---|---|---|
| | | | ആരോഗ്യപരമായ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് ഡോക്ടർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യമുള്ള സ്ഥാപനങ്ങളിൽ സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ